Pattiyam), പത്തായകുന്ന് (Pathayakunnu), തെണ്ടാപറമ്പ (Thendaparamba), കടവത്തൂർ (Kadavathoor), കള്ളികണ്ടി (Kallikandi), വിളക്കോത്തൂർ (Vilakothoor) എന്നിവയെ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ സെന്ററിനും 7 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി.

175 (3202) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുണ്ടെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളും 2 കുടുംബാരോഗ്യ കേന്ദ്രങ്ങളും 7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമുണ്ട്.

(ബി) പ്രസ്തുത ഹെൽത്ത് സെന്ററുകളിലെ തസ്തികകളുടെ എണ്ണവും അതിലെ ഒഴിവുകളുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളിലെ തസ്തികകളുടെ എണ്ണവും ഒഴിവുകൾ ഇനം തിരിച്ചുള്ള കണക്കും ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	തസ്തികകളുടെ എണ്ണം	തസ്തികകളുടെ ഒഴിവ് ഇനം തിരിച്ച്
(1)	(2)	(3)	(4)
1	സി.എച്ച്.സി., ഇരിക്കൂർ	37	3 എണ്ണം (കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-1, ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1, ദന്തൽ ഹൈജീനിസ്റ്റ് -1)
2	സി.എച്ച്.സി., കൂട്ടുമുഖം	30	3 എണ്ണം (ജെ.പി.എച്ച്.എൻ-1, പി.എച്ച്.എൻ -1, ജെ.എച്ച്.ഐ -1)
3	എഫ്.എച്ച്.സി., ആലക്കോട്-തേർത്തല്ലി	24	1 എണ്ണം (ജെ.പി.എച്ച്.എൻ -1)
4	എഫ്.എച്ച്.സി., ഉദയഗിരി	26	ഇല്ല
5	പി.എച്ച്.സി., എരുവേശ്ശി	11	3 എണ്ണം (ഹെൽത്ത് ഇൻസ്പെക്ടർ-1, പി.എച്ച്.എൻ.-1, ക്ലാർക്ക് -1)
6	പി.എച്ച്.സി., ചുഴലി	10	1 എണ്ണം (ജെ.എച്ച്.ഐ. -1)

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
7	പി.എച്ച്.സി., ചെങ്ങളായി	23	1 എണ്ണം (പി.എച്ച്.എൻ.-1)
8	പി.എച്ച്.സി., നടുവിൽ	23	1 എണ്ണം (പി.എച്ച്.എൻ.-1)
9	പി.എച്ച്.സി., ആലക്കോട്-മണക്കടവ്	10	ഇല്ല
10	പി.എച്ച്.സി., ചന്ദനക്കാംപാറ	24	7 എണ്ണം (സ്റ്റാഫ് നഴ്സ് - 1, ഫാർമസിസ്റ്റ് -1, ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1, പി.എച്ച്.എൻ. -1, ജെ.എച്ച്.ഐ -2, ക്ലാർക്ക് -1)
11	പി.എച്ച്.സി., കുടിയാൻമല	10	1 എണ്ണം (ആശുപത്രി അറ്റന്റന്റ് ഗ്രേഡ് II-1)

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രികളുടെ സുഗമമായ പ്രവർത്തനം കണക്കാക്കിയും കോവിഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും NHM/daily wages ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്.

(സി) മതിയായ ജീവനക്കാരില്ലാത്തതുമൂലം ഏതെങ്കിലും പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെടുന്നുണ്ടോ?

മതിയായ ജീവനക്കാരില്ലാത്തതുമൂലം ടി നിയോജകമണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ പ്രവർത്തനം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊല്ലം ജില്ലാ ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതി

176 (3203) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടും ടെണ്ടർ നടപടികൾ ആരംഭിക്കാത്തതിന്റെ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനത്തിന് 104.48 കോടി രൂപയുടെ സാമ്പത്തിക അനുമതി 26-2-2021-ലെ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബി നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ GRIHA 3 star rating

LIBRARY ARCHIVES Kerala Legislative Assembly